(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്ത് കുറവുള്ള തസ്തികകളിൽ പ്രത്യേക നിയമനം നടത്തിവരുന്നുണ്ട്.

സ്വകാര്യമേഖലയ്ക്ക് കൈമാറിയ പൊതുമേഖലാ സ്ഥാപനങ്ങൾ

103 [1283] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സ്വകാര്യ മേഖലയ്ക്കു കൈമാറുകയോ ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ ഭൂമിയും സ്വത്തും കൈമാറ്റം നടത്താൻ ഉദ്ദേശിച്ചിരുന്നു; ഇതിൽ ഏതെല്ലാം കൈമാറ്റം നടത്തി; വിശദമാക്കാമോ;

(സി) എത്ര തൊഴിലാളികൾക്ക് ഈ നയത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർ സ്വയം പിരിഞ്ഞുപോയിട്ടുണ്ട്; സ്ഥാപനം തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചു പൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(2) കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.

(3) കേരള സിറാമിക്സിന്റെ പോർസലൈൻ ഡിവിഷൻ

(4) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്.

(5) കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്.

(6) മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്.

(7) കെൽട്രോൺ റെക്ടിഫയേഴ്സ് .

(8) സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly

(9) കേരള ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി, ഒലവക്കോട് യൂണിറ്റ്.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ സ്വകാര്യമേഖലയ്ക്കു കൈമാറിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയോ സ്വത്തോ കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുപോയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു:

	കമ്പനികൾ	വർഷം	വി.ആർ.എസ്. പ്രകാരം പിരിഞ്ഞു പോയ ജീവനക്കാർ	തുക ലക്ഷത്തിൽ
1.	ആട്ടോകാസ്റ്റ് ലിമിറ്റഡ്	2003	100	302.71
2.	കെൽട്രോൺ കൗൺടേഴ്സ് ലിമിറ്റഡ്	2003	138	686.75
3.	കേരള സിറാമിക്സ് ലിമിറ്റഡ്	2003	89	222.00
4.	ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	2003	238	396.47
5.	കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്	2003	99	377.11
6.	യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്	2003	123	331.28
7.	കേരള സോപ്സ് ആന്റ് ഓയിൽ ലിമിറ്റഡ്	2003	226	567.00
8.	കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ്	2003	105	164.08
9.	ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്	2003	44	77.40
10.	ദി മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്	2003	119	345.14
11.	ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്	2003	38	194.00

LIBRARY ARCHIVES Kerala Legislative Assembly

	കമ്പനികൾ	വർഷം	വി.ആർ.എസ്. പ്രകാരം പിരിഞ്ഞു പോയ ജീവനക്കാർ	തുക ലക്ഷത്തിൽ
12.	സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്	2004	96	191.69
13.	സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്	2004	48	101.18
14.	കേരള ഗാർമെൻസ് ലിമിറ്റഡ്	2004	147	171.96
15.	കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്	2004	207	487.59
16.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്	2004	50	163.00
17.	ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്	2004	255	650.65
18.	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി	2004	202	779.00
	ആകെ		2324	6209.00

മലബാർ സിമൻറ്സിലെ നിയമനങ്ങൾ

104 [1284] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ 1-1-2004-നുശേഷം നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ;

(ബി) നിയമനത്തിന്റെ പത്ര പരസ്യത്തിൽ ഒഴിവുകളുടെ എണ്ണം പറയാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി. വഴി ആയിരിക്കണമെന്ന സർക്കാർ ഉത്തരവ് ഉണ്ടായിട്ടും മലബാർ സിമന്റ്സിൽ നിയമനങ്ങൾ നടത്തുന്നത് നേരിട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly